"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.സുരേഷ് കുമാർ.എസ്, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.476/2026/ID തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 02.02.2024 തീയതിയിലെ DOTHI-DMG/2267/2023-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.സുരേഷ് കുമാർ.എസ്, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്, തിരുവനന്തപുരം 19.03.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 19.06.2024 തീയതിയിലെ ഡിഎംജി/1426/2024-എം1 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് 26-ൽ റീസർവ്വേ നമ്പർ 85/9-1, 85/13-1, 85/16-1, 88/1-1, 88/1-2, 88/3-1, 88/4, 88/5, 88/7 ൽ പെട്ട 1.5559 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനത്തിന് ഹർജിക്കാരന് 24.01.2019 ൽ ക്വാറിയിങ് ലീസ് അനുവദിച്ചിരുന്ന സ്ഥലത്ത് 27/9/2023 ന് ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി വകുപ്പ് സർവ്വെയർ ലഭ്യമാക്കിയ സർവ്വേ റിപ്പോർട്ട് വിശകലനം ചെയ്ത് തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം അനധികൃതമായി കരിങ്കൽ ഖനനം ചെയ്തതിന് ഹർജിക്കാരന് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻ വിശദീകരണം ഒന്നും തന്നെ നൽകാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും 28.4.22 ന് താലൂക്ക് സർവ്വയർ ക്വാറിയിൽ സർവ്വേ നടത്തി തഹസിൽദാർ മുഖേന (4.5.22 ലെ D1-8727/2022 കത്തിലൂടെ) റിപ്പോർട്ട് ലഭ്യമാക്കിയിരുന്നതായും ലീസ് ഏരിയക്കു പുറത്തു നിന്നും അനധികൃതമായി നീക്കം ചെയ്തതായി തിട്ടപ്പെടുത്തിയ 1,12,345 മെട്രിക് ടൺ കരിങ്കല്ലിന് 11.5.22 ന് പെനാൽറ്റി ഒടുക്കിയിരുന്നതായും കണ്ടതിനെ തുടർന്ന് താലൂക്ക് സർവ്വെയർ 28.4.22ൽ തയ്യാറാക്കിയ സർവ്വേ മാപ്പിനെ ആധാരമാക്കി ജിയോളജി വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന സർവ്വേയർ 16.1.24 ന് ലഭ്യമാക്കിയ പുതിയ റിപ്പോർട്ട് വിശകലനം ചെയ്തതിൽ ലീസ് ഏരിയക്കുള്ളിൽ നിന്നും 3,03,359 മെട്രിക് ടൺ, ബഫർ സോണിൽ നിന്നും 1,29,389 മെട്രിക് ടൺ എന്നിങ്ങനെ ആകെ 4,32,748 മെട്രിക് ടൺ കരിങ്കൽ അനധികൃതമായി ഖനനം ചെയ്തതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലീസ് ഏരിയക്കു പുറത്ത് 28.4.22 നു ശേഷം അധികമായി ഖനനം നടത്തിയിട്ടില്ല എന്നും കാണുകയുണ്ടായി. കെ.എം.എം.സി ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ടി ക്വാറി പ്രവർത്തിച്ചിട്ടുള്ളതിനാലും സർവ്വേ നടത്തി അനധികൃത ഖനനം തിട്ടപ്പെടുത്തിയത് 27/9/2023 ൽ ആകയാലും ടണ്ണിന് 240/-രൂപ എന്ന പുതുക്കിയ നിരക്കിലുള്ള പെനാൽറ്റി ഒടുക്കേണ്ടതുണ്ട്. ആകയാൽ ക്വാറിയിൽ നിന്നും അനധികൃതമായി 432748 മെട്രിക് ടൺ

കരിങ്കൽ ഖനനം ചെയ്തതിന് റോയൽറ്റി, വില ഇനത്തിൽ 10,38,59,520/- രൂപയും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ 5,00,000/- രൂപയും ചേർത്ത് ആകെ 10,43,59,520/- രൂപ ഒടുക്കുന്നതിനും അല്ലാത്ത പക്ഷം ടി തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതാണെന്നും അറിയിച്ച് തിരുവനന്തപുരം ജിയോളജിസ്റ്റ് 02.02.2024 ൽ പരാമർശം (1) പ്രകാരം നൽകിയ റിവൈസ്ഡ് ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.സുരേഷ് കുമാർ.എസ്, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്.പി.ഒ, തിരുവനന്തപുരം 19.03.2024 ൽ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ ഹർജി സംബന്ധിച്ച് അപ്പീൽകക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **03/04/2025** ന് നേരിൽ കേട്ടു.

3. അപ്പീൽകക്ഷി ചുവടെ ചേർക്കുംപ്രകാരം വാദിച്ചു.

തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 432748 മെ. ടൺ കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയെന്നും ആയതിന് ടണ്ണിന് 240/- രൂപ നിരക്കിലുള്ള പെനാലിറ്റി ആയ 10,43,59,520/- രൂപ അടച്ച് ചെല്ലാൻ ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതായിരുന്നു. താൻ 24/01/2019ലെ 719/2018-19/10688/M3/2018/DMG നം ക്വാറീയിംഗ് ലീസിൽ നിന്നും 18/02/2019 മുതൽ 1/03/2024 വരെ 184840.875 മെ. ടൺ പാറ മാത്രമേ ഖനനം ചെയ്തിട്ടുള്ളു. ആയത് കോമ്പസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. തന്റെ ക്വാറിയിൽ 1977 മുതൽ എല്ലാവിധ സർക്കാർ അനുമതികളോടും കൂടി റോയൽറ്റി അടച്ച് ഖനനം നടത്തി വന്നിട്ടുള്ളതാണ്. താൻ ടി ക്വാറി സ്ഥിതിചെയ്യുന്ന വസ്തു വാങ്ങുന്നതിനു മുൻപ് തന്നെ ശ്രീകാര്യത്തുള്ള ജി. അർജ്ജുൻ എന്നയാൾ ഖനനം നടത്തി വന്നിട്ടുള്ളതാണ്. 1997 മുതൽ താലൂക്ക് പെർമിറ്റ്, ജിയോളജിയിൽ നിന്നുമുള്ള പെർമിറ്റ് തുടർന്ന് 2006 മുതൽ 719/2018-19/10688/M3/2018/DMG നം ക്വാറീയിംഗ് ലീസ് എടുത്ത് ഖനനം നടത്തിവന്നിട്ടുള്ളതാണ്.

ക്വാറീയിംഗ് ലീസിന് മൈനിംഗ് പ്ലാൻ നൽകിയിട്ടുള്ളതും ആയതിൽ 2019 ലെ ടി വസ്തുവിന്റെ കോണ്ടൂർ പ്ലാൻ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള കോണ്ടൂർ പ്ലാനിലെ ലവൽസും ഇന്നത്തെ വസ്തുവിന്റെ ലവൽസും പരിശോധിച്ചാൽ താൻ ടി കാലയളവിൽ ഖനനം ചെയ്ത പാറയുടെ അളവ് വ്യക്തമായി അറിയാവുന്നതാണ്. മാത്രമവുമല്ല താൻ 489/2008-2009/9452/M3/2008 നം ക്വാറീയിംഗ് ലീസ് എടുത്ത് ഖനനം ചെയ്ത് വന്നിരുന്ന 2006 മുതൽ 2022 വരെ 1967 ലെ KMMC Rule Section 48(p) പ്രകാരവും 2015 ലെ KMMC Rule Section 89 പ്രകാരവും RMCU Registration എടുത്ത് consolidated royalty അടച്ചാണ് ഖനനം നടത്തിവന്നിരുന്നത്.

432748 മെ. ടൺ കരിങ്കല്ല് അനധികൃത ഖനനം നടത്തിയെന്നാരോപിച്ച് ജില്ലാ ഓഫീസിൽ നിന്നും ടണ്ണിന് 240/- രൂപ എന്ന നിരക്കിൽ 432748 മെ. ടൺ ന് 10,43,59,520/- രൂപ അടയ്ക്കണം എന്നത് തികച്ചും ന്യായീകരിക്കാൻ പറ്റാത്ത കാര്യമാണ്. ടണ്ണിന് 240/- രൂപ എന്ന നിരക്ക്പോലും 2023 ഏപ്രിൽ മാസം മുതലാണ് നിലവിൽ വന്നിട്ടുള്ളത്. താൻ 1997 മുതൽ ഖനനം നടത്തിവന്നിട്ടുള്ളതാണ്. മാത്രവുമല്ല RMCU പ്രകാരം റോയൽറ്റി അടച്ചാണ് ഖനനം നടത്തിയിരുന്നത്. അതോടൊപ്പം 28/4/2022 ലെ താലൂക്ക് സർവ്വേയറുടെ റിപ്പോർട്ടിലെ സ്കെച്ചിൽ അതുവരെ ലീസ് ഏര്യായിൽ നിന്നും ഖനനം നടത്തിയതിന്റെ അളവ് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 28/04/2022 ലെ ഖനനത്തിന്റെ ആവറേജ് അളവ് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ആയതുപ്രകാരം പരിശോധിച്ചാൽ അന്നത്തെ പെനാലിറ്റി ടണ്ണിന് 72/- രൂപ മാത്രമാണ്. കൂടാതെ 16/01/2024 ലെ സർവെ സ്കെച്ചിൽ കാണിച്ചിട്ടുള്ള ബഫർസോണിൽ ക്വാറി ലീസിന് ശേഷം ഖനനം നടത്തിയിട്ടില്ല. ടി മുൻ ലീസ് പ്രകാരം നേരത്തെ ഖനനം ചെയ്തിട്ടുള്ളതാണ്.

അതിനാൽ ഇത് ആദാലത്തിൽ വച്ച് തീർപ്പ് കൽപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും

അതിനാൽ അതുപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

4 അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു..

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം. 26 ൽ റീ സർവെ നം. 85/9-1, 85/13-1, 85/16-1, 88/1-1, 88/1-2, 88/3-1, 88/4, 88/5, 88/7 ൽ പെട്ട 1.5559 ഹെക്ടർ സ്ഥലത്ത് നിന്നും പ്രതിവർഷം 50,000 മെ. ടൺ എന്ന നിരക്കിൽ കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 24/01/20 19 ലെ Additional Director of Mining & Geology യുടെ 719/2018-19/10688/എം3/2018 നം. നടപടി ഉത്തരവ് പ്രകാരം 18/02/2019 മുതൽ 17/02/2026 വരെയുള്ള 7 വർഷത്തേക്ക് ശ്രീ. സുരേഷ് കുമാർ, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്, തിരുവനന്തപുരം എന്ന വ്യക്തിക്ക് ക്വാറീയിംഗ് ലീസ് അനുവദിച്ചിരുന്നു. ടി ക്വാറിയുടെ സമീപത്ത് 25/08/2024 വരെ കാലാവധിയുള്ള ഡീലേഴ്സ് ലൈസൻസ് കരസ്ഥമാക്കി പ്രവർത്തിച്ചിരുന്ന ഒരു ക്രഷറും സ്ഥിതിചെയ്യുന്നു. നിലവിൽ ക്വാറിയും ക്രഷറും പ്രവർത്തിക്കുന്നില്ല.

ക്വാറീയിംഗ് ലീസോടുകൂടി 16/11/2018 വരെ പ്രവർത്തിച്ച ഒരു ക്വാറിയുടെ ഒരു ഭാഗംകൂടി ഉൾപ്പെടുത്തിയാണ് നിലവിൽ ക്വാറീയിംഗ് ലീസ് അനുവദിച്ചിരിക്കുന്നത്. ക്വാറീയിംഗ് ലീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ജില്ലാ ജിയോളജിസ്റ്റ് സമർപ്പിച്ച ഫോം II ൽ അപേക്ഷ സ്ഥലത്തു നിന്നും 26/09/2018 വരെ മുൻ അനുമതികളുടെ അടിസ്ഥാനത്തിൽ 199880 മെ. ടൺ കരിങ്കല്ലും ഇതുവരെയായി ടി ക്വാറിയിൽ നിന്നും ആകെ 207900 മെ. ടൺ കരിങ്കല്ല് നീക്കം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ക്വാറീയിംഗ് ലീസ് അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് മുന്നോടിയായി അപേക്ഷ സ്ഥലത്തിന് പുറത്ത് സർവേ 85/15 ൽ പ്പെട്ട സ്ഥലത്തു നിന്ന് അനധികൃതമായി നീക്കം ചെയ്ത 13275 മെ. ടൺ കരിങ്കല്ലിന് 10,13,200/- രൂപയും മുൻ ലീസ് ഏര്യായിൽ നിന്നും അധികമായി നീക്കം ചെയ്ത 8020 മെ. ടൺ കരിങ്കല്ലിന് 5,77,440/- രൂപയും പിഴയായി ഈടാക്കിയിരുന്നു എന്നും ടി സ്ഥലത്തു നിന്നും C R P S ഉൾപ്പെടെയുള്ള ഖനനാനുമതികൾ പ്രകാരം നീക്കംചെയ്ത കരിങ്കല്ലിന്റെ അളവുകളും അനധികൃത ഖനനത്തിന് പിഴ അടച്ച കരിങ്കല്ലിന്റെ അളവുകളും കൂടി പരിഗണിച്ചാണ് ക്വാറിയിൽ നിന്നും ആകെ നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവുകൾ കണ്ടെത്തിയിട്ടുള്ളതെന്നും ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

ക്വറീയിംഗ് ലീസ് അനുവദിച്ച ശേഷം ലീസ് ഡീഡ് എക്സിക്യൂട്ട് ചെയ്ത് രജിസ്റ്റർ ചെയ്യുന്നതിന് മുന്നോടിയായി 8/02/2019 ൽ ജില്ലാ ഓഫീസിൽ നിന്ന് നടത്തിയ സ്ഥല പരിശോധനയിലും തുടർന്ന് തഹസിൽദാർ സമർപ്പിച്ച സർവേസ്കെച്ച് പ്രകാരവും സർവേ നം. 88/3-1, 88/5, 88/1-2 ൽ പ്പെട്ട സ്ഥലത്തുനിന്നും 14575 മെ. ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്യുന്നതിന് 11,49,400/- രൂപ പിഴയായി ശ്രീ. സുരേഷ് 15/02/2019 ൽ ഒടുക്കിയിട്ടുണ്ട്.

ശ്രീ. സുരേഷ് കുമാറിന്റെ ക്വാറിയ്ക്കെതിരെ നിരന്തരം ശ്രീ. രാജാമണി, ശ്രീകുട്ടൻ നാടാർ എന്നിവർ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ലീസ് ഏര്യായുടെ ബഫർസോണിൽ (സർവേ നം.88/1-2) ൽ നിന്നും 3750 മെ.ടണ്ണും ലീസ് ഏര്യായുടെ പുറത്തുനിന്നും (സർവേ നം. 88/1, 88/1-3) ൽ നിന്നും 6250 മെ. ടണ്ണും അനധികൃതമായി ഖനനം ചെയ്തതിന് 7/01/2021 തീയതിയിൽ കാരണംകാണിക്കൽ നോട്ടീസ് നൽകുകയും പിഴ തുകയായ 7,45,000/- രൂപ 25/01/2021 ൽ ഒടുക്കുവരുത്തുകയും ചെയ്തിട്ടുണ്ട്. തഹസിൽദാർ സമർപ്പിച്ച സ്കെച്ചിന്റെ

അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും 30/03/2022 ൽ വീണ്ടും സ്ഥലപരിശോധന നടത്തുകയും ക്വാറീയിംഗ് ലീസ് ഏര്യായ്ക്ക് വെളിയിൽ 85/1, 85/9-2, 88/1-2, 88/3-1, 88/7 ൽ പ്പെട്ട വസ്തുക്കളിൽ നിന്നും അനധികൃതമായി 1,12,345 മെ. ടൺ കരിങ്കല്ല് ഖനനം ചെയ്തതിന് 6/05/2022 തീയതിയിൽ 81,88,840/- രൂപ ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും ടി തുക 7/05/2022 ൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

ടി ക്വാറിയിൽ അനധികൃത ഖനനം നടക്കുന്നതായി ശ്രീ. രാജാമണി വീണ്ടും സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 27/09/2023 തീയതിയിൽ വകുപ്പ് സർവേയർ ടി ക്വാറിയിൽ ടോട്ടൽ സ്റ്റേഷൻ സർവേ നടത്തുകയും 25/11/2023 ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 19/12/2023 തീയതിയിൽ ശ്രീ. സുരേഷ് കുമാറിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ ടി നോട്ടീസിനോട് ശ്രീ. സുരേഷ് കുമാർ പ്രതികരിക്കുകയുണ്ടായില്ല. തുടർന്ന് രേഖകൾ പരിശോധിച്ചതിൽ 28/04/2022 തീയതിയിൽ താലൂക്കി സർവേയർ ക്വാറിയിൽ സർവേ നടത്തി 4/05/2022 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ലീസ് ഏര്യായ്ക്ക് പുറത്തു നിന്നും 1,12,345 മെ. ടൺ കരിങ്കല്ല് ഖനനം ചെയ്തു നീക്കം ചെയ്തതിന് ശ്രീ. സുരേഷ് കുമാർ 81,88,840/- രൂപ പെനാലിറ്റി ഒടുക്കിയതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് വകുപ്പ് സർവ്വേയർ 16/01/2024 ൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ടി റിപ്പോർട്ട് വിശകലനം ചെയ്തു 18/01/2024 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ക്വാറീയിംഗ് ലീസ് എര്യായ്ക്കുള്ളിൽ നിന്നും 303359ഉം ബഫർസോണിൽ നിന്നും 129389 മെ. ടൺ കരിങ്കല്ലും കൂടി ചേർത്ത് ആകെ 432748 മെ. ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തി. ലീസ് ഏര്യായിൽ നിന്നും 18/02/2019 മുതൽ 27/09/2023 വരെയുള്ള കാലാവധിയിൽ കോമ്പസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 167286.29 മെ. ടൺ കരിങ്കല്ല് അനുമതി പ്രകാരം നീക്കം ചെയ്തിട്ടുണ്ട് എന്നും കാണുന്നു.

2015 ലെ KMMC ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ടി ക്വാറി പ്രവർത്തിച്ചിട്ടുള്ളതിനാലും ടോട്ടൽ സ്റ്റേഷൻ സർവേ നടത്തി അനധികൃത ഖനനം തിട്ടപ്പെടുത്തിയത് 27/09/2023 ൽ ആകയാലും ടണ്ണിന് 240/- രൂപ നിരക്കിൽ റോയൽറ്റി ഒടുക്കേണ്ടതുണ്ട്. ആകയാൽ ക്വാറിയിൽ നിന്നും അനധികൃതമായി നീക്കം ചെയ്ത 432748 മെ. ടൺ കരിങ്കല്ലിന് റോയൽറ്റി, വില ഇനത്തിൽ 10,38,59,620/- രൂപ 15 ദിവസത്തിനുള്ളിൽ ട്രഷറിയിൽ ഒടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 19/01/2024 തീയതിയിൽ ശ്രീ. സുരേഷ് കുമാറിന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ഡിമാന്റ് നോട്ടീസിൽ നോട്ടപ്പിശക് മൂലം ടൈപ്പിംഗ് എറർ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2/02/2024 തീയതിയിൽ റിവൈസ്ഡ് ഡിമാന്റ് നോട്ടീസും നൽകുകയുണ്ടായി. തുടർന്ന് 4/03/2024 ൽ ഡിമാന്റ് നോട്ടീസ് പ്രകാരം നടപടി സ്വീകരിക്കുന്നതിനെതിരെ ശ്രീ. സുരേഷ് കുമാർ കത്ത് നൽകുകയും അഡ്വാൻസ് റോയൽറ്റി അടച്ചതിനാൽ 2024 മാർച്ച് 31 വരെ ഖനനം നടത്താൻ അനുവദിക്കണ മെന്നും അപേക്ഷിച്ചു. എന്നാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കി വരാത്ത സാഹചര്യത്തിൽ 29/01/2024 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ഫോറം 24 റിക്വസിഷൻ നൽകുകയും ചെയ്തു.

ടി ക്വാറിയുടെ പ്രവർത്തനത്തിനെതിരെ നിരന്തരം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി ക്വാറിയിൽ സർവേ നടത്തിയത്. സർവേ റിപ്പോർട്ട് വിശകലനം ചെയ്യുന്ന സമയത്ത് ടി ക്വാറിയുമായി ബന്ധപ്പെട്ട് ഖനനാനുമതികൾ നേടിയ പ്രകാരം പൊട്ടിച്ചുനീക്കിയ കരിങ്കല്ലിന്റെ അളവുകളും അനധികൃതമായി നീക്കംചെയ്തതിന് പിഴ ഒടുക്കിയ കരിങ്കല്ലിന്റെ അളവുകളും കുറവ് വരുത്തിയാണ് കാരണംകാണിക്കൽ നോട്ടീസ് 19/12/2023 ന് നൽകിയത്. എന്നാൽ ക്വാറിയുടമ ടി കാരണം കാണിക്കൽ നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല. 2015 ലെ KMMC ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ടി ക്വാറി പ്രവർത്തിച്ചിട്ടുള്ളതിനാലും ടോട്ടൽ സ്റ്റേഷൻ സർവേ നടത്തി അനധികൃത ഖനനം തിട്ടപ്പെടുത്തിയത് 27/09/2023 ൽ ആകയാലും ടണ്ണിന് 240/- രൂപ നിരക്കിൽ റോയൽറ്റി ഒടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. സുരേഷ് കുമാർ സമർപ്പിച്ച അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകേണ്ടതാണ്.

5. അപ്പീൽകക്ഷിയുടെ വാദത്തിന്റെയും ഡി എം ജി യുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം വിശദമായി പരിശോധിച്ചു.നിരക്ക് വർദ്ധിപ്പിച്ച് ഭേദഗതി വരുത്തുന്നതിന് മുൻപ് ഖനനം നടത്തിയ ധാതുവിനും പുതിയ നിരക്ക് പ്രകാരം പെനാൽറ്റി നിർണ്ണയിച്ചിരിക്കുന്നത് നിയമപരമായി ശരിയല്ലെന്നും, 25/08/2023-ലെ സഉ(കെ)നം.61/2023/വ്യവ ഉത്തരവിലെ അദാലത്ത് മാനദണ്ഡങ്ങൽ പ്രകാരം പെനാൽറ്റി നിർണ്ണയിക്കണമെന്നും അദാലത്തിൽ വച്ച് പരിശോധിക്കുവാൻ അപ്പീൽകക്ഷി ജിയോളജിസ്റ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള കക്ഷിയുടെ വാദത്തിനെറ അടിസ്ഥാനത്തിലും 28/02/2025 ലെ സഉ(കെ)നം.18/2025/വ്യവ പ്രകാരം അദാലത്തിൽ പരിഗണിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് 31/03/2025 വരെ സമയം നീട്ടി നൽകിയതു പ്രകാരം ടി സമയപരിധിക്കുള്ളിൽ കക്ഷി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും, അദാലത്തിൽ വച്ച് പരിശോധിക്കുവാൻ അപ്പീൽകക്ഷി ജിയോളജിസ്റ്റിന് സമർപ്പിച്ചിട്ടുള്ള പ്രസ്തുത അപേക്ഷ കക്ഷി ഹാജരാക്കുന്ന രേഖകൾ സഹിതം പരിശോധിച്ച് 25/08/2023-ലെ സഉ(കെ)നം.61/2023/വ്യവ ഉത്തരവിലെ അദാലത്ത് മാനദണ്ഡങ്ങൾ പ്രകാരം പെനാലിറ്റി കണക്കാക്കി അതുപ്രകാരം നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് റിവൈസ്ഡ് ഡിമാന്റ് നോട്ടീസ് നൽകി അതനുസരിച്ചുള്ള തുക ഈടാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകികൊണ്ട് ശ്രീ.സുരേഷ് കുമാർ.എസ്, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്.പി.ഒ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.സുരേഷ് കുമാർ.എസ്, നീരാഞ്ജനം, പഴവടി, നെടുമങ്ങാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 23-04-2026 16:23:22